(ഡി) ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതയെന്തെന്ന് നിശ്ചയിച്ചുവോ ?

ഉത്തരം

(എ) ഈ വർഷം മുതൽ (2003-2004 അദ്ധ്യയന വർഷം) ഇംഗ്ലീഷ് മീഡിയം പാരലൽ ക്ലാസ്സുകൾ 1-ാം ക്ലാസ്സിൽ ആരംഭിക്കുവാനുള്ള അനുമതി നൽകിയിട്ടുണ്ട്.

(ബി) മാറ്റം വരുത്തിയിട്ടില്ല.

(സി) ഇല്ല.

(ഡി) സ്കൂളിൽ ഇപ്പോൾ നിലവിലുള്ള അദ്ധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്തുകയാണ് ചെയ്യാറുള്ളത്.

**സർക്കാർ വിദ്യാലയങ്ങളിൽ ഫർണിച്ചറുകൾ അനുവദിക്കാൻ നടപടി**

**165 (2887)** ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ വിദ്യാലയങ്ങളിൽ ഈ വർഷം ബഞ്ച്, ഡസ്ക് തുടങ്ങിയ ഫർണിച്ചറുകൾ അനുവദിക്കുന്നുണ്ടോ ;

(ബി) എൽ. പി., യു. പി., ഹൈസ്കൂൾ തുടങ്ങിയ വിദ്യാലയങ്ങളിൽ ഏതെല്ലാം ഓഫീസുകളിൽ നിന്നാണ് ഇത് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഓരോ വർഷവും അനുവദിക്കുന്ന ഫണ്ട് വിദ്യാഭ്യാസ ഡയറക്ടർ ഡെപ്യൂട്ടി ഡയറക്ടർമാർക്കും അവർ ബന്ധപ്പെട്ട സ്കൂൾ ഹെഡ്മാസ്റ്റർമാർക്കും നൽകുന്നു. സ്കൂൾ ഹെഡ്മാസ്റ്റർമാർ സർക്കാർ മാനദണ്ഡമനുസരിച്ച് ആവശ്യമായ ഫർണിച്ചർ വാങ്ങുന്നു.

**പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ**

**166 (2888)** ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് പ്രീ- പ്രൈമറി അദ്ധ്യാപക പരിശീലന കേന്ദ്രങ്ങൾക്ക് അംഗീകാരം നൽകേണ്ടത് ഗവൺമെന്റാണോ ; മറ്റെന്തെങ്കിലും ഏജൻസിയാണോ ;

(ബി) ഇത്തരത്തിൽ അംഗീകാരമുള്ള കേരളത്തിലെ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രീ-പ്രൈമറി അദ്ധ്യാപക പരിശീലനം നേടുന്ന ഉദ്യോഗാർത്ഥികൾക്ക് തൊഴിലവസരം ലഭ്യമാക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) എല്ലാ ഗവ. എൽ. പി. സ്കൂളുകളോടും എയ്ഡഡ് സ്കൂളുകളോടും അനുബന്ധമായി പ്രീ-പ്രൈമറി സ്കൂളുകൾ ആരംഭിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) എങ്കിൽ ഇത് സംബന്ധിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ ?

ഉത്തരം

(എ) നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷൻ എന്ന സ്ഥാപനമാണ് അംഗീകാരം നൽകുന്നത്.

(ബി) അംഗീകാരമുള്ള സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി-ഇ) ഇത്തരം കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയിലില്ല.

**അദ്ധ്യാപകർക്ക് പരിശീലനം നൽകാൻ നടപടി**

**167 (2889)** ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാഠ്യപദ്ധതിയോടൊപ്പം പാഠ്യേതരപദ്ധതിയും ചില സ്റ്റാൻഡേർഡുകളിൽ നടപ്പാക്കിയത് വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും ഏറെ ബുദ്ധിമുട്ടുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വിദ്യാർത്ഥികളുടേയും രക്ഷിതാക്കളുടേയും ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പാഠ്യേതര വിഷയങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകാതെ പഠനത്തിൽ ശ്രദ്ധിക്കാൻ കഴിയും വിധം പദ്ധതിയിൽ മാറ്റം വരുത്തുമോ ;

(സി) 8,9,10 സ്റ്റാൻഡേർഡുകളിൽ സിലബസിൽ വരുത്തിയ മാറ്റം കാരണം വിദ്യാർത്ഥികൾ ഏറെ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പുതിയ സിലബസ് പ്രകാരം വേണ്ട പഠനത്തിന് അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly